# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി

**22.10.2012–ൽ കൂടിയ കോ–ഓർഡിനേഷൻ സമിതിയുടെ യോഗ നടപടിക്കുറിപ്പ്:–**

യോഗം വൈകുന്നേരം 3.30ന് ബഹു പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ ആരംഭിച്ചു.

**1.** 26.09.2012–ലെ മുൻയോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു. നടക്കാനിരിക്കുന്ന യോഗത്തിന്റെ അജണ്ടാക്കുറിപ്പുകളോടൊപ്പം മുൻയോഗത്തിന്റെ നടപടിക്കുറിപ്പുകളും കൂടി ഇനിമുതൽ അംഗങ്ങൾക്കു നൽകേണ്ടതാണെന്നു തീരുമാനിച്ചു. മുൻയോഗ തീരുമാനങ്ങളുടെ അനന്തര നടപടികളുടെ പുരോഗതി അവലോകനം ചെയ്യണമെന്നും തീരുമാനിച്ചു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിന്റെയും പദ്ധതി നിർവഹണത്തിന്റെയും പുരോഗതി അടുത്ത യോഗം മുതൽക്ക് അവലോകനം ചെയ്യുന്നതിന് തീരുമാനിച്ചു.

പ്രാദേശിക പദ്ധതികളുടെ ആസൂത്രണ-നിർവഹണ പരിശ്രമങ്ങൾക്ക് വേണ്ടത്ര കാമ്പയിൻ സ്വഭാവം കൈവന്നിട്ടില്ലാത്തതിനാൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് - നഗരകാര്യ - ഗ്രാമ വികസന വകുപ്പുകൾ കൈക്കൊള്ളേണ്ടതാണെന്നു തീരുമാനിച്ചു.

കോഓർഡിനേഷൻ സമിതിക്ക് ജില്ലകളിലെ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർമാരെയും മറ്റും വീഡിയോ കോൺഫറൻസിംഗിലൂടെ ബന്ധപ്പെട്ട് പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യാൻ കഴിയുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താനും നിശ്ചയിച്ചു.

**2. പൊതുവിഷയങ്ങൾ**

തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ കൂടിയ 08.10.2012–ലെ യോഗം സംബന്ധിച്ച്

അടിയന്തിര സ്വഭാവമുള്ള ചില വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടു വരുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരുടെ വിവിധ സംഘടനകളുടെ ഭാരവാഹികളും വകുപ്പുമേധാവികളും തമ്മിൽ നടന്ന ചർച്ചയിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ ചേംബറിൽ യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ ഫയലിൽ തീരുമാനങ്ങളായി വരുന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയിലെ അജണ്ട ഇനത്തിൽ നിന്ന് ഇത് ഒഴിവാക്കാൻ തീരുമാനിച്ചു.

3. **പ്രത്യേക വിഷയങ്ങൾ**

3.1 **വാഴൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.54287/ഡി.ഡി.2/12/തസ്വഭവ)തീയതി 22.10.2012**

പദ്ധതി ആസൂത്രണ മാർഗരേഖയിൽ വിശദീകരണം ഉള്ളതിനാൽ വീണ്ടും ചർച്ച ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കാൻ ഉത്തരവ് ഉണ്ടെങ്കിൽപോലും ഇത്തരം വിഷയങ്ങൾ ഉള്ള ഫയലുകൾ അജണ്ടയിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ലെന്നും ഇക്കാര്യത്തിൽ സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് വിവേചനപൂർവ്വം നടപടി കൈക്കൊള്ളണമെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.2 **ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.54844/ഡി.ഡി.2/12/തസ്വഭവ) തീയതി 22.10.2012**

ബ്ലോക്ക് പഞ്ചായത്ത് 2011-12 വാർഷിക പദ്ധതിയിൽ നടപ്പിലാക്കിയ "അംഗനവാടികളിലെ കുട്ടികൾക്ക് കുട വിതരണം" എന്ന പദ്ധതിയിലെ ശേഷിക്കുന്ന 665 കുട്ടികൾക്ക് കുട വിതരണം ചെയ്യാൻ പ്ലാൻഫണ്ട് ഉപയോഗിക്കുന്നത് ശരിയല്ലെന്നും, ആവശ്യമെങ്കിൽ തനത്ഫണ്ട് ഉപയോഗിക്കേണ്ടതാണ് എന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.3 **കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി, കോഴിക്കോട് (ഫയൽനം.54459/എഫ്.എം.2/12/തസ്വഭവ)തീയതി 22.10.2012**

മലപ്പുറം ജില്ലയിലെ സമാന പ്രോജക്ട് സംബന്ധിച്ച തീരുമാനങ്ങളുടെ റിപ്പോർട്ട് സഹിതം അടുത്ത യോഗത്തിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.4 **ചങ്ങനാശേരി നഗരസഭ (ഫയൽ നം.40009/ഡി.സി.2/12/തസ്വഭവ)തീയതി 22.10.2012**

ഡി.പി.സി. സാധൂകരണം പ്രതീക്ഷിച്ച് 2011-12 വാർഷിക പദ്ധതിയുടെ അവസാനഘട്ടത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളായ സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതിക്കും, സമഗ്ര ചേരി പരിഷ്ക്കരണ പരിപാടിക്കും നഗരസഭയുടെ വിഹിതമായി പൊതു വിഭാഗത്തിൽ 85 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽ 15 ലക്ഷം രൂപയും സാമൂഹിക സാമ്പത്തിക സെൻസസുമായി ബന്ധപ്പെട്ട് ഗ്രാമ വികസന കമ്മീഷണറുടെ ഉത്തരവ് പ്രകാരം ജനറേറ്റർ വാങ്ങിയതിന് 484000/- രൂപയും ചെലവഴിച്ച നടപടി, ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന താക്കീതോടുകൂടി, സാധൂകരിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 സ്റ്റൂഡന്റ് പോലീസ് കേഡറ്റ്(SPC)പദ്ധതി(ഫയൽ നം.44029/എഫ്.എം.2/12/തസ്വഭവ) തീയതി 22.10.2012**

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിക്കായി സംഭാവന നൽകുന്നതിന് 02.01.2012ലെ ജി.ഒ (ആർ.ടി)03/12 തസ്വഭവ നമ്പർ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ മാറ്റം വരുത്തേണ്ടതില്ലെന്നും സംഭാവന തനതുഫണ്ടിൽ നിന്നു തന്നെ നൽകിയാൽ മതിയെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 തലശ്ശേരി നഗരസഭ (ഫയൽ നം.54822/ഡി.സി3/12/തസ്വഭവ)തീയതി 22.10.2012**

ആഡിറ്റ് തടസ്സം നീക്കിക്കൊടുക്കുന്നതിനുള്ള അപേക്ഷ എൽ.എസ്.ജി..ഡി. ചീഫ് എഞ്ചിനീയറുടെ അഭിപ്രായം കൂടി ലഭ്യമാക്കി അടുത്ത യോഗത്തിൽ ചർച്ച ചെയ്യാൻ മാറ്റിവച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കൊച്ചി നഗരസഭ (ഫയൽ നം.48633/ഡി.സി3/12/തസ്വഭവ)തീയതി 22.10.2012**

2010-11 വാർഷിക പദ്ധതിയിൽ 81 റോഡു നിർമ്മാണ പ്രവൃത്തികളിൽ അധിക ചെലവ് വന്നത് ബിറ്റുമിൻ വില വർദ്ധനവ്, സൈറ്റ് ഏരിയ വർദ്ധനവ് തുടങ്ങി ഓരോ ഇനങ്ങളിലും എത്ര വീതമാണെന്നും , അവയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റ് എടുക്കുകയോ സാങ്കേതികാനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടുണ്ടോ എന്നും, 2011 ഫെബ്രുവരിയിൽ അധിക ചെലവുണ്ടായതിന് എസ്.എൽ.റ്റി.എ.ജി.യെ സമീപിക്കാൻ ഒരു വർഷം വൈകിയതിന്റെ കാരണവും, 2009-10 വർഷത്തെ പ്രോജക്ടുകൾ 2010-11 ൽ സ്പിൽ ഓവർ ആയി എടുത്തവയാണോ എന്നും വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 തൃശൂർ നഗരസഭ (ഫയൽ നം.35494/എഫ്.എം.1/12/തസ്വഭവ)തീയതി 22.10.2012**

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ലാത്തതാണെന്നും, നടപ്പിലാക്കിയ സ്ഥിതിക്ക് തനത്ഫണ്ട് ഉപയോഗിക്കാനും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.56971/ഡി.ഡി.2/12/തസ്വഭവ) തീയതി 22.10.2012**

നിർമ്മൽ ഗ്രാമ പുരസ്ക്കാർ അവാർഡ് തുക ഉപയോഗിച്ച് വ്യക്തികൾക്ക് പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് നൽകുന്നതിന് അനുമതി നൽകണമെന്ന മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം.2214/ഡി.ബി1/12/തസ്വഭവ)തീയതി 22.10.2012**

സ്റ്റോർ പർച്ചേസ് നിയമം പാലിക്കാതെ കൈപ്പുസ്തകങ്ങളുടെ അച്ചടി ജോലി ഏൽപ്പിച്ച നടപടിക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ സദുദ്ദേശം കണക്കിലെടുത്ത് സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.59382/എഫ്.എം.3/12/തസ്വഭവ)**
**തീയതി 22.10.2012**

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതിക്കു പകരം പരീക്ഷണാടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് കുടുംബശ്രീ സി.ഡി.എസ് കമ്മിറ്റികളെ ഏൽപ്പിക്കാൻ തീരുമാനിച്ചു. എന്നാൽ കുടുംബശ്രീ സി.ഡി.എസ്. കമ്മിറ്റികളുടെ സമ്മതം ഗ്രാമപഞ്ചായത്ത് വാങ്ങേണ്ടതാണെന്നും തീരുമാനിച്ചു.

നഗരസഭകൾ ഏറ്റെടുത്തു നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളിൽ പമ്പ് ഓപ്പറേറ്ററുടെ വേതനം, വൈദ്യുതി ചാർജ്ജ് തുടങ്ങിയ ആവർത്തന ചെലവുകൾ നഗരസഭയുടെ തനതുഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതില്ല എന്ന് നിലവിൽ നിർദ്ദേശമുണ്ടോ എന്നു പരിശോധിച്ച് കുടിവെള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ നഗരസഭകൾക്കുള്ള സാധ്യതകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അടുത്ത യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നഗരകാര്യ ഡയറക്ടറുടെ പ്രതിനിധിക്ക് നിർദ്ദേശം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ഏറത്ത് ഗ്രാമ പഞ്ചായത്ത് (ഫയൽ നം.48777/എഫ്.എം.1/12/തസ്വഭവ)**
**തീയതി 22.10.2012**

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച സർക്കുലർ വ്യക്തതയുള്ളതാകയാൽ അത് പാലിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 തിരൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.56987/ഡി.ഡി.2/12/തസ്വഭവ)**
**തീയതി 22.10.2012**

തിരൂർ ബ്ലോക്ക് ആസ്ഥാനം സ്ഥിതി ചെയ്യുന്നത് മുനിസിപ്പൽ പ്രദേശത്താണെങ്കിലും ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രത്തിന്റെ നിർമ്മാണത്തിൽ ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ട തൊഴിലുറപ്പ് (MGNREGS) തൊഴിലാളികളെ ഉൾപ്പെടുത്തി ചെയ്യുന്നതിന് മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി മിഷൻ കോഓർഡിനേറ്ററുടെ അനുമതിയോടെ ചെയ്യാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**<u>അജണ്ടക്കു പുറമേ</u>**

**3.14 മലപ്പുറം ജില്ലാ കളക്ടറുടെ അഭ്യർത്ഥന (ഫയൽ നം. 59942/എഫ്.എം.2/12/തസ്വഭവ)**

ലോക വികലാംഗദിനം ആചരിക്കുന്നതിന് മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 1000/- രൂപയും മുനിസിപ്പാലിറ്റികളിൽ നിന്ന് 3000/- രൂപയും തനതുഫണ്ടിൽ നിന്ന് കൺവീനർ ആയ ജില്ലാ സാമൂഹ്യക്ഷേമ ആഫീസർക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

## 3.15 Activity Map തയ്യാറാക്കുന്നത്

പഞ്ചായത്ത് രാജ് ആക്ടിന്റെ ഷെഡ്യൂൾ 4 അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിന് നൽകിയിരിക്കുന്ന ഉത്തരവാദിത്തങ്ങൾ പരിമിതമാണെന്ന പരാതി ബ്ലോക്ക് പഞ്ചായത്തുകളുടെ ഭാഗത്തുനിന്ന് വ്യാപകമാണ്. ഒരേ വിഷയമേഖലകളിൽപ്പെട്ട വിഷയങ്ങളിൽ ത്രിതല പഞ്ചായത്തുകൾ ഒരേപോലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സ്ഥിതി വിശേഷം ഉണ്ട്. ഈ വിഷയം പഠിച്ച് ഓരോ വിഷയ മേഖലയിലും ഓരോ തലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതൊക്കെ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന വ്യക്തത വരുത്തേണ്ടതുണ്ട്. ഇതിനായി നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നതിന് താഴെപ്പറയുന്നവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

1) ശ്രീ.സി.പി. ജോൺ, സംസ്ഥാന ആസൂത്രണബോർഡ് അംഗം

2) ശ്രീ.എസ്. ദിവാകരൻ പിള്ള, സംസ്ഥാന പെർഫോർമൻസ് ആഡിറ്റ് ഓഫീസർ

3) ഗ്രാമ വികസനന കമ്മീഷണർ

4) പഞ്ചായത്ത് ഡയറക്ടർ

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

## 3.16 ഷോർട്ട്ഫാൾ സംബന്ധിച്ച്

(എ) <u>എസ്.സി.പി, റ്റി.എസ്.പി. ഫണ്ടുകളിൽ നിന്നും ഷോർട്ട്ഫാൾ കുറവ് ചെയ്യുന്നത് സംബന്ധിച്ച്</u>

ബഹു: മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന യോഗത്തിൽ ഈ വർഷം എസ്.സി.പി/റ്റി.എസ്.പി. ഫണ്ടുകളിൽ നിന്ന് ഷോർട്ട്ഫാൾ കുറവ് ചെയ്യേണ്ടതില്ലായെന്ന് ആസൂത്രണബോർഡ് അംഗം നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ 2012-13 ലെ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനഫണ്ട് വകയിരുത്തിയിരിക്കുന്നത് എസ്.സി.പി (56.42 കോടി) റ്റി.എസ്.പി.(8.58 കോടി) ജനറൽ സെക്ടർ (116.68 കോടി) എന്നിവയിലായി 181.68 കോടി രൂപ കുറവ് ചെയ്തിട്ടാണ്. ഇപ്രകാരം

എസ്.സി.പി, റ്റി.എസ്.പി. ഫണ്ടുകളിൽ കുറവ് (ഷോർട്ട്ഫാൾ) വരുത്തിയിട്ടുണ്ടെങ്കിലും ഷോർട്ട്ഫാൾ ഉള്ള ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും കാര്യത്തിൽ ആകെ തുകയാണ് കുറവ് ചെയ്തിരിക്കുന്നത്; മേഖല തിരിച്ചല്ല. എസ്.സി.പി/റ്റി.എസ്.പി. മേഖലകളിൽ ഷോർട്ട്ഫാൾ കണക്കാക്കേണ്ടതില്ലെങ്കിൽ 65 കോടി രൂപ അധികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി വക കൊള്ളിക്കേണ്ടതുണ്ട്. മാത്രമവുമല്ല അത് ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര വീതമെന്നതിലും വ്യക്തത വരുത്തണം. മേൽ പറഞ്ഞ കാര്യങ്ങൾ അടിയന്തിരമായി ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി ചർച്ച ചെയ്യേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(ബി) <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന ഫണ്ടിൽ നിന്ന് ഷോർട്ട്ഫാൾ കുറവ് ചെയ്യുന്ന രീതി ഒഴിവാക്കുന്നത് സംബന്ധിച്ച്</u>

കൺസോൾഡേറ്റഡ് ഫണ്ടിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ലാപ്സ് ആകരുതെന്നും മൂന്നാം ധനകാര്യ കമ്മീഷൻ നിശ്ചയിക്കുകയുണ്ടായി. അതനുസരിച്ച് ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വയ്ക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് പബ്ലിക് അക്കൗണ്ടിലേയ്ക്ക് മാറ്റുകയും അവയുടെ ട്രഷറി അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രഡിറ്റ് ചെയ്യുകയും ചെയ്യുന്നു. അതിനാൽ പ്രസ്തുത തുക ലാപ്സ് ആകുന്നില്ല. എന്നാൽ ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു നിശ്ചിത ശതമാനം തുക ചെലവ് ചെയ്തിരിക്കണമെന്ന് സർക്കാർ നിഷ്ക്കർഷിക്കാറുണ്ട്. അപ്രകാരം ചെലവ് ചെയ്യുന്നതിൽ കുറവ് വരുന്ന തുക അടുത്ത രണ്ടാം വർഷത്തിൽ അനുവദിക്കുന്ന തുകയിൽ നിന്ന് കുറവ് ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. 2012-13-ൽ ഇപ്രകാരം കുറവ് ചെയ്തിരിക്കുന്നത് 229.18 കോടി രൂപയാണ്. പുതിയ സംവിധാനം നിലവിൽ വന്ന 2006-07-മുതൽ ഇതുവരെ വളരെ വലിയൊരു തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ച് എത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വയ്ക്കുന്ന തുക മുഴുവൻ അവയ്ക്ക് ചെലവാക്കാൻ കഴിയുന്ന സ്ഥിതി നിലവിൽ വരേണ്ടതുണ്ട്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒരു പഞ്ചവൽസര പദ്ധതിക്കാലത്ത് അനുവദിക്കുന്ന തുക ആ പഞ്ചവൽസര പദ്ധതിക്കുള്ളിൽ ചെലവ് ചെയ്യാൻ അനുവാദം നൽകുകയും പഞ്ചവൽസര പദ്ധതിയുടെ അവസാനം ബാക്കി നിൽക്കുന്ന തുക ഫണ്ട് ചെലവാക്കാൻ കഴിയുന്ന മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക മേഖലകളിൽ (കൃഷി, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവ) ചെലവ് ചെയ്യുന്നതിന് വീതിച്ച് നൽകുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്. തദ്ദശസ്വയംഭരണ സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട സാമ്പത്തിക അച്ചടക്കം

ഏർപ്പെടുത്തുകയും സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമുള്ള വിഷയമായതിനാൽ ബഹു: മുഖ്യമന്ത്രി, ധനകാര്യമന്ത്രി, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ എന്നിവരുമായി വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം 5.45 ന് അവസാനിച്ചു)